കെ.കെ.ജോർജ് വിരമിച്ചു

ആലക്കോട്: 28 വർഷത്തെ സേവനത്തിന് ശേഷം തപാൽ വകുപ്പിൽ നിന്ന് ആലക്കോട് പോസ്റ്റ് ഓഫീസ് പോസ്റ്റൽ അസിസ്റ്റന്റ് കെ.കെ.ജോർജ് വിരമിച്ചു. കരുവഞ്ചാൽ സ്വദേശിയാണ്. ആലക്കോട് പോസ്റ്റ് ഓഫീസിൽ ചേർന്ന സഹപ്രവർത്തകരുടെ യോഗം യാത്രയയപ്പ് നൽകി. ജോണി ദേവസ്യ അധ്യക്ഷത വഹിച്ചു. വി.എം.മാത്യു, വിനീത്, യമുനാദേവി, കെ.കെ.ജോർജ് പ്രസംഗിച്ചു. എസ്.ബി.മുരളി സ്വാഗതവും പി.കെ.ഷാജി നന്ദിയും പറഞ്ഞു.

കണ്ണൂർ സർവകലാശാല ബി.എ. ഇംഗ്ലീഷ് പരീക്ഷയിൽ രണ്ടാം സ്ഥാനം നേടിയ ആയിഷ നൗറീൻ (എസ്.ഇ.എസ്. കോളേജ്, ശ്രീകണ്ഠപുരം)

വിദ്യാരംഗം ഉദ്ഘാടനം ചെയ്തു

പയ്യാവൂർ: നെല്ലിക്കുറ്റി ഗാന്ധി മെമ്മോറിയൽ യു.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും വിവിധ ക്ലബുകളുടെയും ഉദ്ഘാടനം ജോസ് മേമടം നിർവഹിച്ചു. സ്കൂൾ മാനേജർ ഫാ. ജെയ്സൺ കൂനാനിക്കൽ അധ്യക്ഷത വഹിച്ചു. ഏരുവേശി ഗ്രാമ പഞ്ചായത്തംഗം സോജൻ കരാമയിൽ, ബിന്ദു പുളിക്കൽ, പ്രഥമാധ്യാപകൻ ജോണി തോമസ് കൊരട്ടിപ്പറമ്പിൽ, ബിനി തോമസ് സംസാരിച്ചു.

ആലക്കോട്: കരിങ്കയം എൽ.പി സ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനവും എൽ.എസ്.എസ്. വിജയികൾക്കുള്ള അനുമോദനവും സംഘടിപ്പിച്ചു. തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ മുസ്തഫ പുളുക്കൂൽ ഉദ്ഘാടനം ചെയ്തു. ഷാജി തോമസ് ബഷീർ അനുസ്മരണം നടത്തി. 'ഇമ്മിണി ബല്യ ഒന്ന്' സ്മരണിക പ്രകാശനം ഇ.ഇബ്രാഹിം നിർവഹിച്ചു. ബഷീറിനെ കുറിച്ചുള്ള മാജിക് പ്രദർശനവും നടന്നു. എഴുത്തുപെട്ടി ഹെഡ്മാസ്റ്റർ എ. പ്രേംജി ഉദ്ഘാടനം ചെയ്തു.

ദുക്റാന തിരുനാൾ ആഘോഷിച്ചു

ആലക്കോട്: സെന്റ് തോമസ് ദിനാചരണത്തോടനുബന്ധിച്ച് ക്രൈസ്തവ ദേവാലയങ്ങളിൽ ദുക്റാന തിരുനാൾ ആഘോഷിച്ചു.

ദിവ്യബലിയും പ്രത്യേകം പ്രാർത്ഥനകളും നടന്നു. ആലക്കോട് സെന്റ് മേരീസ് ഫൊറോന ദേവാലയത്തിൽ ഫാ. ആന്റണി ആനക്കല്ലിൽ കാർമ്മികത്വം വഹിച്ചു.

പി.എസ്.സി മാതൃകാ പരീക്ഷ നാളെ മുതൽ

തളിപ്പറമ്പ: മഹാത്മാ കോളേജിന്റെ ആഭിമുഖ്യത്തിൽ പി.എസ്.സി മാതൃകാ പരീക്ഷ നാളെയും മറ്റന്നാളുമായി നടത്തും. സിവിൽ പോലീസ് കോൺസ്റ്റബിൾ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായാണ് മുൻ വർഷത്തെ ചോദ്യങ്ങളുൾപ്പെടുത്തി പരീക്ഷ നടത്തുന്നത്.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9947790266, 8086603110 നമ്പറിൽ ബന്ധപ്പെടുക.

താലൂക്ക് ആശുപത്രി ഇരിക്കൂറിൽ നിന്ന് മാറ്റാൻ അണിയറയിൽ ശ്രമം: ബഹുജന പ്രക്ഷോഭത്തിന് മുസ്ലിം ലീഗ്

ഇരിക്കൂർ: മലയോര മേഖലയിലെ പ്രധാന കിടത്തി ചികിത്സാ കേന്ദ്രവും ദിനംപ്രതി നൂറുകണക്കിനാളുകൾ ചികിത്സ തേടിയെത്തുന്നതുമായ ഇരിക്കൂർ ഗവ.ആശുപത്രിയുടെ വികസന പ്രവൃത്തികൾ അട്ടിമറിക്കാൻ അണിയറയിൽ തീവ്രശ്രമങ്ങൾ നടത്തുന്നുവെന്നാരോപിച്ച് മുസ്ലിം ലീഗ് പ്രക്ഷോഭത്തിന് തയ്യാറെടുക്കുന്നു.

കാഷ്വാലിറ്റി തസ്തികയിൽ മൂന്ന് ഡോക്ടർമാരെ നിയമിച്ചതൊഴികെ പ്രസവ വാർഡ്, ലാബ്, എക്സറേ, കാഷ്വാലിറ്റി മുറി, സ്പെഷലിസ്റ്റ് ഡോക്ടർമാർ, നഴ്സിംഗ് തസ്തികകൾ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവ സ്ഥാപിക്കുവാനോ നിയമനം നടത്തുവാനോ സർക്കാർ ഇത് വരെ തയ്യാറായിട്ടില്ല. ആർദ്രം പദ്ധതി മുഖേന ഇരിക്കൂർ താലൂക്ക് ആസ്പത്രിയെ വീണ്ടും സാമൂഹികാരോഗ്യ കേന്ദ്രമാക്കി തരം താഴ്ത്താനും ഇരിക്കൂർ ബ്ലോക്കിൽ തന്നെയുള്ള മയ്യിൽ സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആസ്പത്രിയായി ഉയർത്തുന്നതിനുള്ള തീവ്രശ്രമങ്ങൾ അണിയറയിൽ നടന്നുവരികയാണത്രെ.

കഴിഞ്ഞ മയ്യിൽ ഏരിയ സി.പി.എം സമ്മേളനത്തിന്റെ മുഖ്യ പ്രമേയം തന്നെ മയ്യിൽ സി.എച്ച്.സി. താലൂക്ക് ആസ്പത്രിയായി ഉയർത്തണമെന്നുള്ളതാണ്. ഇതിന് ചുവട് പിടിച്ചുള്ള പ്രവർത്തനങ്ങളാണ് അണിയറയിൽ നടക്കുന്നത്.

മട്ടന്നൂർ നഗരസഭയിലെയും ശ്രീകണ്ഠപുരം നഗരസഭയിലെയും നൂറുകണക്കിനാളുകൾ ചികിത്സ തേടിയെത്തുന്ന ഇരിക്കൂർ ആസ്പത്രിയുടെ താലൂക്ക് പദവിയെ ഇല്ലാതാക്കാനുള്ള ഗൂഢ ശ്രമങ്ങളെ ബഹുജനങ്ങളെ അണിനിരത്തി പ്രക്ഷോഭത്തിന് നേതൃത്വം നൽകുവാൻ പഞ്ചായത്ത് മുസ്ലിം ലീഗ് ഭാരവാഹികളുടെ യോഗം തീരുമാനിച്ചു. സി.കെ. മുഹമ്മദ് അധ്യക്ഷത വഹിച്ചു. പി.കെ. ശംസുദ്ദീൻ, കെ.ടി. നസീർ, കെ. മുഹമ്മദ് അശ്രഫ് ഹാജി, കെ.പി. അബ്ദുല്ല, യു.പി. അബ്ദുറഹ്മാൻ സംസാരിച്ചു.

ശലഭങ്ങളെ അടുത്തറിയാൻ കൈപുസ്തകം

ജില്ലയിലെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും പുസ്തകം സൗജന്യമായി നൽകും

ശ്രീകണ്ഠപുരം: ചിത്രശലഭങ്ങളെ അടുത്തറിയാൻ കൈപുസ്തകമൊരുക്കി ശ്രീകണ്ഠപുരം ഗവ. ഹയർസെക്കൻഡറി സ്കൂളിലെ ജൈവ വൈവിധ്യ ക്ലബ്. ശ്രീകണ്ഠപുരം കോട്ടൂരിൽ കുട്ടികൾ നട്ടുവളർത്തിയ ജൈവവൈവിധ്യ ഉദ്യാനത്തിലെ ശലഭങ്ങളെ നിരീക്ഷിച്ചാണ് കൈപുസ്തകം തയ്യാറാക്കിയിരിക്കുന്നത്. ഈ പാർക്കിൽ നിന്നും നിരീക്ഷിച്ചു രേഖപ്പെടുത്തിയ 89 ചിത്രശലഭങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് പുസ്തകത്തിലുള്ളത്. ഒരോ ശലഭത്തിന്റെയും വർണ ചിത്രം, മലയാളം-ഇംഗ്ലീഷ് പേര്, ശാസ്ത്രീയ നാമം, ആദ്യമായി ശലഭത്തെ വിവരിച്ച ശാസ്ത്രജ്ഞൻ, വർഷം, ശലഭത്തിന്റെ ലാർവ ഭക്ഷണമാക്കുന്ന സസ്യങ്ങൾ, അവയുടെ ശാസ്ത്രീയ നാമം, പൂമ്പാറ്റകളുടെ ഐ.യു.സി.എൻ. സ്റ്റാറ്റസ് എന്നീ വിവരങ്ങൾ പുസ്തകത്തിൽ ഉൾപ്പെടുത്തിട്ടുണ്ട്. കൂടാതെ ജൈവ വൈവിധ്യ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ വി.സി.ബാലകൃഷ്ണൻ എഴുതിയ 'ശലഭോദ്യാനങ്ങൾ എങ്ങനെ വളർത്തിയെടുക്കാം' എന്ന ലേഖനവും ചിത്രശലഭങ്ങളുടെ ജീവിത ചക്രം, ജീവിത രീതി എന്നിവയെ സംബന്ധിച്ച് ശലഭനിരീക്ഷകനായ ഗീരീഷ് മോഹൻ എഴുതിയ ലേഖകനവും പുസ്തകത്തിലുണ്ട്.

ജൈവവൈവിധ്യ ക്ലബ് കോർഡിനേറ്റർ ടി.എം. രാജേന്ദ്രന്റെ നേതൃത്വത്തിൽ വിദ്യാർഥികളായ ജി.എം. ഹൃദ്യ, എം. നവനീത, മീനു രാജേന്ദ്രൻ, കെ. പ്രണവ്, വി.വി. അഭിനന്ദ് എന്നിവർ ചേർന്നാണ് പുസ്തകം തയായറാക്കിയത്. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായത്തോടെ തയ്യാറാക്കിയ പുസ്തകം ജില്ലയിലെ മുഴുവൻ പൊതുവിദ്യാലയങ്ങൾക്കും സൗജന്യമായി നൽകും. പുസ്തകത്തിന്റെ പ്രകാശനം വെള്ളിയാഴ്ച രാവിലെ 10ന് ശ്രീകണ്ഠപുരം കമ്യൂണിറ്റി ഹാളിൽ മന്ത്രി കെ. രാജു നിർവഹിക്കും.



ശലഭങ്ങളെ പറ്റിയുള്ള പുസ്തകത്തിന്റെ കവർ.

കത്തിച്ച ഓട്ടോറിക്ഷക്ക് പകരം ഐ.എൻ.ടി.യു.സി പുതിയ വണ്ടി നൽകും

പയ്യന്നൂർ: കത്തിച്ച ഓട്ടോറിക്ഷക്ക് പകരമായി ഐ.എൻ.ടി.യു.സി പ്രവർത്തകന് സഹപ്രവർത്തകർ നൽകുന്ന പുതിയ ഓട്ടോറിക്ഷ നാളെ കൈമാറും.

കഴിഞ്ഞ ഏപ്രിൽ 16ന് പുലർച്ചെയാണ് ഐ.എൻ.ടി.യു.സി പ്രവർത്തകനും പയ്യന്നൂർ ടൗണിലെ ഓട്ടോ തൊഴിലാളിയുമായ അന്നൂർ പടിഞ്ഞാറെക്കരയിലെ എ.കെ.രമേശന്റെ ഓട്ടോറിക്ഷ ഒരു സംഘം അക്രമികൾ കത്തിച്ചത്. രാഷ്ട്രീയ വിരോധമാണ് സംഭവത്തിന് കാരണമെന്ന് കോൺഗ്രസ്സ് നേതൃത്വവും ഐ.എൻ.ടി.യു.സിയും ആരോപണമുന്നയിച്ചിരുന്നു. എന്നാൽ സംഭവത്തിൽ കേസെടുത്ത പയ്യന്നൂർ പൊലീസിന് പ്രതികളെ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. അന്വേഷണം ഇപ്പോൾ അവസാനിപ്പിച്ച മട്ടിലുമാണ്. പ്രതികളെ കണ്ടെത്തണമെന്നാവശ്യപ്പെട്ട് ഐ.എൻ.ടി.യു.സിയുടെ നേതൃത്വത്തിൽ ഓട്ടോ തൊഴിലാളികൾ പയ്യന്നൂർ പൊലീസ് സ്റ്റേഷന് മുന്നിൽ സമരം നടത്തിയിട്ടും ഫലം ഉണ്ടായില്ല.

ഇതിനിടയിലാണ് സഹപ്രവർത്തകർ പുതിയ ഓട്ടോറിക്ഷ വാങ്ങി നൽകാൻ തീരുമാനിച്ചത്. നാളെ ഉച്ചക്ക് 2ന് പയ്യന്നൂർ ഗാന്ധി മന്ദിരത്തിൽ നടക്കുന്ന ചടങ്ങിൽ ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി പുതിയ ഓട്ടോറിക്ഷ രമേശന് കൈമാറും.

കത്തിച്ച ഓട്ടോറിക്ഷക്ക് പകരം ഐ.എൻ.ടി.യു.സി പ്രവർത്തകർ രമേശന് നൽകുന്ന പുതിയ ഓട്ടോ.

പയ്യാവൂർ ഗവ.യു പി സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തണമെന്ന്

പയ്യാവൂർ: 1919ൽ സ്ഥാപിതമായ പയ്യാവൂർ ഗവ. യു പി സ്സൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്നും, സ്ക്കൂളിനു മുന്നിലുള്ള ഓട സ്ലാബുകൾ ഉപയോഗിച്ച് പൂർണ്ണമായി മൂടി കൈവരികൾ സ്ഥാപിച്ച് നടപ്പാതയാക്കി മാറ്റണമെന്നും അധ്യാപക-രക്ഷകർത്തൃസമിതി ജനറൽ ബോഡി യോഗം ആവശ്യപ്പെട്ടു. ക്ലാസ് എസ്.ഇ.എസ് കോളേജ് അധ്യാപിക സുനിത ഡെന്നീസ് നയിച്ചു. ടോമി കുരുവിള, ആർ.കെ. സന്തോഷ് കുമാർ അധ്യക്ഷത വഹിച്ചു. ജോയി ജോസഫ് പൂവന്നിക്കുന്നേൽ, പി. ശെൽവി, ആർ.വി. പവിത്രൻ, എം.പി.സിറിയക്ക്, ഐ.വി. പുഷ്പവല്ലി, കെ.രാഘവൻ, എ.കെ. ആശ, പി.ഉഷാകുമാരി സംസാരിച്ചു. ഭാരവാഹികളായി: ആർ.കെ.സന്തോഷ് കുമാർ (എസ് എം സി ചെയർമാൻ), കെ.ദാസൻ (വൈസ് ചെയർമാൻ), പി.ശെൽവി (മദർ പി.ടി.എ പ്രസിഡന്റ്), സുഹ്റ ഹസൻ (വൈസ് പ്രസിഡന്റ്) എന്നിവരെ തെരഞ്ഞെടുത്തു.

തടിക്കടവ് ഗവ. ഹൈസ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയും സിനിമാ ശിൽപ്പശാലയും സംവിധായകൻ എം. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു.

യാത്രയയപ്പ് നൽകി

ചുഴലി: കേരള ഗ്രാമീൺ ബാങ്ക് ചുഴലി ശാഖയിൽ നിന്ന് വിരമിച്ച മാനേജർ മരിയ വർഗീസിന് നാട്ടുകാരും ജീവനക്കാരും ചേർന്ന് യാത്രയയപ്പ് നൽകി. വാർഡ് മെമ്പർ റംലത്ത് അധ്യക്ഷത വഹിച്ചു. ഇ. അനന്തൻ മാസ്റ്റർ, എ.വി. ബാലകൃഷ്ണൻ, ഇ.വി. ഗോവിന്ദൻ, ജേക്കബ്, എൽസിക്കുട്ടി, ബ്രാഞ്ച് മാനേജർ സെബാസ്റ്റ്യൻ, സരസ്വതി സംസാരിച്ചു.

നിർമ്മാണത്തിലെ വൻ അഴിമതി; 18 കോടിയുടെ റോഡ് ഉദ്ഘാടനത്തിന് മുന്നേ തകർന്നു

ആലക്കോട്: നിർമ്മാണത്തിലെ വൻ അഴിമതിയെത്തുടർന്ന് കോടികൾ ചെലവിട്ട റോഡ് ഉദ്ഘാടനത്തിന് മുന്നേ തകർന്നു. ഉദയഗിരി പഞ്ചായത്തിലെ മാമ്പൊയിൽ-ജയഗിരി-മണ്ണാത്തിക്കുണ്ട് റോഡാണ് തകർന്നത്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 18 കോടിയോളം രൂപ ചെലവിലാണ് 12 കിലോമീറ്റർ നീളമുള്ള റോഡ് നിർമ്മിച്ചത്. മുഹമ്മദ്ഹാജി എന്നയാളാണ് കരാർ പ്രവൃത്തി ഏറ്റെടുത്തത്. മാമ്പൊയിൽ അരിവിളഞ്ഞപൊയിൽ മേഖലയിലെ അവികസിത പ്രദേശങ്ങളെ ബന്ധിപ്പിച്ചുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും ഉദ്ഘാടനം ഇതുവരെ നടന്നിട്ടില്ല. ഇതിനിടയിലാണ് നിർമ്മാണത്തിലെ കൊടിയ അഴിമതികൾ ഒന്നൊന്നായി വെളിപ്പെടുത്തുന്ന വിധത്തിൽ റോഡ് തകർന്നു തുടങ്ങിയിരിക്കുന്നത്. റോഡിന്റെ പാർശ്വഭിത്തി തകർന്നത് പലയിടത്തും വൻ അപകട ഭീഷണിയാണ് ഉയർത്തുന്നത്. അഗാധ ഗർത്തം നിറഞ്ഞ റോഡിലൂടെയുള്ള യാത്ര ഏറെ അപകടം നിറഞ്ഞതായി മാറിയിരിക്കുകയാണ്. മഴ കനത്തതോടെ റോഡ് ഇടിഞ്ഞ് തുടങ്ങിയതും ടാറിംഗ് പൊളിഞ്ഞതും അപകടമുയർത്തുകയാണ്. വേണ്ടത്ര വീതിയില്ലാതെയാണ് റോഡ് നിർമ്മിച്ചതെന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള കലുങ്കുകളും ഓവുചാലുകളും നിർമ്മിച്ചില്ലെന്നും പരാതിയുണ്ട്. നിർമ്മാണത്തിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി ഉദയഗിരി പഞ്ചായത്ത് കമ്മിറ്റി കലക്ടർക്ക് പരാതി നൽകി.

മാമ്പൊയിൽ-ജയഗിരി റോഡിന്റെ പാർശ്വഭിത്തി തകർന്ന നിലയിൽ

പഴയങ്ങാടി പൗരവേദിയുടെ ഉപഹാരം ഡിവൈഎസ്പി കെ.വി.വേണുഗോപാലിന് പ്രസിഡന്റ് ഡോ.എസ്.എൽ.പി.ഉമർ ഫറൂഖ് നൽകുന്നു.

നിടിയേങ്ങ ഗവ. യു.പി സ്കൂളിൽ നിന്നും വിരമിച്ച കെ.കെ. മുകുന്ദൻ

ജ്വല്ലറി കവർച്ച: അന്വേഷണ സംഘത്തെ ആദരിച്ചു

തളിപ്പറമ്പ്: പഴയങ്ങാടി പൗരവേദിയുടെ നേതൃത്വത്തിൽ ജ്വല്ലറി കവർച്ചാകേസ് പ്രതികളെ പിടികൂടിയ അന്വേഷണസംഘത്തെ ആദരിച്ചു. തളിപ്പറമ്പ് വ്യാപാരഭവൻ ഹാളിൽ നടന്ന ചടങ്ങിൽ അന്വേഷണസംഘത്തലവൻ തളിപ്പറമ്പ് ഡിവൈഎസ്പി കെ.വി.വേണുഗോപാൽ, പഴയങ്ങാടി എസ്ഐ പി.എ.ബിനുമോഹൻ, സംഘാംഗങ്ങളായ മറ്റ് പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ഉപഹാരം നൽകി. പൗരവേദി പ്രസിഡണ്ട് ഡോ.എസ്.എൽ.പി. ഉമർ ഫാറൂഖ് ഉപഹാര സമർപ്പണം നിർവ്വഹിച്ചു. വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് കെ.എസ്. റിയാസ്, പൗരവേദി സെക്രട്ടറി കെ.കെ.ആർ.വെങ്ങര, വൈസ് പ്രസിഡന്റ് പി.വി.അബ്ദുള്ള, എസ്.പി. ശ്രീധരൻ, ടി.പി. അബ്ബാസ് ഹാജി, ട്രഷറർ എച്ച്കെ.എച്ച്.അഷ്റഫ്, കെ.കരുണാകരൻ, എം.ഖാദർ, കെ.കുമാരൻ, പി.എം.ഷെരീഫ്, ഐ.വി.ദിനേശൻ, ജോൺസൺ, പപ്പൻ ചിരന്തന പ്രസംഗിച്ചു.

ബാങ്ക് പെൻഷൻകാരുടെ ജില്ലാ കൺവെൻഷൻ കണ്ണൂരിൽ

കണ്ണൂർ: ആൾ കേരള ബാങ്ക് റിട്ടയറീസ് ഫെഡറേഷൻ ജില്ലാ കൺവെൻഷൻ പത്തിന് കണ്ണൂരിൽ നടക്കുമെന്ന് ജില്ലാ സെക്രട്ടറി എ.സി. മാധവൻ അറിയിച്ചു. കണ്ണൂർ ഫോർട്ട് റോഡിലുള്ള ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽ രാവിലെ 10.30ന് എ.കെ.ബി.ആർ.എഫ് കേന്ദ്ര കമ്മിറ്റിയംഗവും ഫെഡറൽ ബാങ്ക് റിട്ടയറീസ് അസോസിയേഷൻ അഖിലേന്ത്യ പ്രസിഡണ്ടുമായ പി. കുമാർ മേനോൻ ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജില്ലയിലെ ബാങ്ക് പെൻഷൻകാർക്ക് വേണ്ടി മെഡിക്കൽ ഇൻഷൂറൻസ് ഹെൽപ്പ് ഡെസ്കും രൂപീകരിക്കും. ജില്ലയിലെ വിരമിച്ച മുഴുവൻ ബാങ്ക് ജീവനക്കാരും ഓഫീസർമാരും കൺവെൻഷനിൽ പങ്കെടുക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

കെ.എച്ച്.എസ്.ടി.യു ജില്ലാതല മെമ്പർഷിപ്പ് കാമ്പയിൻ യൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.സുബൈർ ഉദ്ഘാടനം ചെയ്യുന്നു

കെ.എച്ച്.എസ്.ടി.യു ജില്ലാതല മെമ്പർഷിപ്പ് കാമ്പയിൻ ആരംഭിച്ചു

തളിപ്പറമ്പ: കേരള ഹയർസെക്കണ്ടറി ടീച്ചേഴ്സ് യൂനിയൻ കണ്ണൂർ ജില്ലാതല മെമ്പർഷിപ്പ് കാമ്പയിനിന്റെ ഉദ്ഘാടനം സീതി സാഹിബ് ഹയർസെക്കണ്ടറി സ്കൂളിൽ മുസ്ലിംയൂത്ത്ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ.സുബൈർ നിർവഹിച്ചു. ജില്ലാ പ്രസിഡണ്ട് കെ.ഇസ്മയിൽ അധ്യക്ഷനായിരുന്നു. ഹയർസെക്കണ്ടറി അധ്യാപകരുടെ സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട വിവാദങ്ങൾ അവസാനിപ്പിച്ച് പുതിയ പട്ടിക ഉടൻ തന്നെ അപാകതകൾ പരിഹരിച്ച് പുറത്തിറക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. മുഹമ്മദ് കട്ടിൽ, പി.കെ.ശംസുദ്ദീൻ, എം.ലത്തീഫ് സംസാരിച്ചു. ജില്ലാ സെക്രട്ടറി പി.ബഷീർ സ്വാഗതവും സംസ്ഥാന സിമിതിയംഗം മൊയ്തു പാറമ്മൽ നന്ദിയും പറഞ്ഞു.

വിദ്യാരംഗം ഉദ്ഘാടനവും സിനിമാസ്വാദന ശിൽപ്പശാലയും

ആലക്കോട്: തടിക്കടവ് ഗവ. ഹൈസ്കൂളിൽ വിദ്യാരംഗം കലാസാഹിത്യവേദിയും സിനിമാസ്വാദന ശിൽപ്പശാലയും പ്രമുഖ സിനിമാ സംവിധായകൻ എം. മോഹനൻ ഉദ്ഘാടനം ചെയ്തു. ടി.വി. വിജയകുമാർ അധ്യക്ഷത വഹിച്ചു. ഉണ്ണിരാജ, എ.എസ്. ബിജു, എ.കെ. ജയരാജ്, പി.എസ്. ആവണി, എം.കെ. അശ്വിൻ, കെ.ജെ. ജോസഫ്, ഷാജി തോമസ് പ്രസംഗിച്ചു. എം.കെ. ഉമാദേവി സ്വാഗതവും എൻ. ബിജുമോൻ നന്ദിയും പറഞ്ഞു. മാണിക്യക്കല്ല്, കഥ പറയുമ്പോൾ, അരവിന്ദന്റെ അതിഥികൾ എന്നീ സിനിമകളിലൂടെ ശ്രദ്ധേയനായ സംവിധായകൻ എം. മോഹനൻ നയിച്ച സിനിമാസ്വാദന ശിൽപ്പശാല വിദ്യാർത്ഥികൾക്ക് വേറിട്ട അനുഭവമായി.

ക്ഷീര കർഷക സംഗമം ആരംഭിച്ചു

തളിപ്പറമ്പ: ക്ഷീര വികസന വകുപ്പിന്റെയും തളിപ്പറമ്പ് ബ്ലോക്കിലെ ക്ഷീര സഹകരണ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ക്ഷീര കർഷക സംഗമം കരിമ്പം ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ ആരംഭിച്ചു. ക്ഷീര വികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു ഉദ്ഘാടനം ചെയ്യും. ബ്ലോക്ക് പഞ്ചായത്ത് മിൽക്ക് ഇൻസെന്റീവ് പദ്ധതി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി. സുമേഷ് ഉദ്ഘാടനം ചെയ്യും. ജെയിംസ് മാത്യു എം.എൽ.എ അധ്യക്ഷത വഹിക്കും. അള്ളാംകുളം മഹമ്മൂദ്, പി.കെ. ശ്യാമള ടീച്ചർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ടി. ലത, വൈസ് പ്രസിഡണ്ട് വി.പി. ഗോവിന്ദൻ, വിവിധ പഞ്ചായത്ത് പ്രസിഡണ്ടുമാരായ ഐ.വി. നാരായണൻ, അഡ്വ. എ. രത്നകുമാരി, എ. രാജേഷ്, എം. മൈമൂനത്ത്, ആനക്കീൽ ചന്ദ്രൻ സംബന്ധിക്കും.

തേർത്തല്ലിയിൽ കെ.എസ്.യു കൺവെൻഷൻ സി.ടി. അഭിജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

കെ.എസ്.യു കൺവെൻഷൻ

ആലക്കോട്: കെ.എസ്.യു തേർത്തല്ലി യൂണിറ്റ് രൂപീകരണ കൺവെൻഷൻ ജില്ലാ വൈസ് പ്രസിഡണ്ട് സി.ടി. അഭിജിത്ത് ഉദ്ഘാടനം ചെയ്തു. ജോൺസൺ അധ്യക്ഷത വഹിച്ചു. എ. ഡി. സാബൂസ്, ജോജി കന്നിക്കാട്ട്, ജെസി ഷിജി, മൊയ്തു കാരയിൽ, തോമസ് കുട്ടി ചേരോലിക്കൽ പ്രസംഗിച്ചു. ഹരിപ്രസാദ് സ്വാഗതവും രിഫാസ് നന്ദിയും പറഞ്ഞു.

വേശാല ഈസ്റ്റ് എൽ.പി സ്കൂളിൽ വായനാവാരാഘോഷ ഉദ്ഘാടനം കഥാകൃത്ത് വത്സൻ അഞ്ചാംപീടിക നിർവഹിക്കുന്നു

വായനാ വാരാഘോഷവും മാസികാ പ്രകാശനവും

കണ്ണൂർ: വേശാല ഈസ്റ്റ് എൽപി സ്കൂളിൽ വായനാ വാരാഘോഷം ഉദ്ഘാടനവും മാസികാ പ്രകാശനവും കഥാകൃത്ത് വത്സൻ അഞ്ചാംപീടിക നിർവഹിച്ചു. പി.ടി.എ പ്രസിഡണ്ട് കെ.പി അനീഷ് കുമാർ അധ്യക്ഷത വഹിച്ചു. മുഖ്യാധ്യാപിക എൻ.കെ. ചാന്ദ്നി, വിജി മധുസൂദനൻ, ഒ.എം. ശൈലജ സംസാരിച്ചു.

സ്കോളർഷിപ്പ് വിതരണവും ആദരിക്കലും

തളിപ്പറമ്പ: കേരള പത്മശാലിയ സംഘം തളിപ്പറമ്പ് ശാഖയുടെ നേതൃത്വത്തിൽ എച്ച്.എസ്.ഇ, എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണവും ആദരിക്കലും എട്ടിന് രാവിലെ പത്ത് മണിക്ക് തളിപ്പറമ്പ് കൊട്ടാരം യു.പി സ്കൂളിൽ സംഘടിപ്പിക്കും. തളിപ്പറമ്പ് എസ്.ഐ കെ.ജെ. വിനോയി ഉദ്ഘാടനം ചെയ്യും. സംഘം ജില്ലാ പ്രസിഡണ്ട് പി.വി. നരേന്ദ്രൻ സ്കോളർഷിപ്പ് വിതരണം ചെയ്യും. ശാഖാ പ്രസിഡണ്ട് കെ. ലക്ഷ്മണൻ അധ്യക്ഷത വഹിക്കും. സംസ്ഥാന കമ്മിറ്റിയംഗം സതീശൻ പുതിയേട്ടി മുഖ്യ പ്രഭാഷണം നടത്തും.

കട മുറികൾ വാടകയ്ക്ക്

തളിപ്പറമ്പ് നാഷണൽ ഹൈവേയിൽ ബിസിനസ്/ ഓഫീസ് സ്ഥാപനങ്ങൾക്ക് അനുയോജ്യമായ കടമുറികൾ വാടകയ്ക്ക്

Contact:
9995595157
9633885157

സെയിൽസ് സ്റ്റാഫിനെ ആവശ്യമുണ്ട്

ചെമ്പന്തൊട്ടിയിലെ ടെക്സ്റ്റയിൽസ് ഷോപ്പിലേക്ക് സെയിൽസ് സ്റ്റാഫിനെ (ലേഡീസ്/ ജെന്റ്സ്) ആവശ്യമുണ്ട്. ചെമ്പന്തൊട്ടി, നിടിയേങ്ങ, ചുഴലി നിവാസികൾക്ക് മുൻഗണന. ബന്ധപ്പെടുക.

9633415165

സ്ഥലം വിൽപ്പനക്ക്

തളിപ്പറമ്പ ആടിക്കുംപാറ, ജപ്പാൻ വാട്ടർടാങ്കിന് സമീപം
പത്തേകാൽ സെന്റ്

9544737985

ആവശ്യമുണ്ട്

ജില്ലയിലെ ഏറ്റവുംവലിയ ഫർണ്ണിച്ചർ ഷോറൂമിലേക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുണ്ട്. Salesman -(+2, പ്രായപരിധി – 30. മികച്ച ആശയ വിനിമയശേഷി ആകർഷകമായ വ്യക്തിത്വം, തികഞ്ഞ വാക്ചാതുര്യം. തളിപ്പറമ്പിൽ നിന്ന് 15 കിലോമീറ്റർ ചുറ്റളവിലുള്ളവർ മാത്രം.

9388443344